ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.
(ബി) ഇക്കാര്യത്തിൽ അവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

കൃത്രിമ രേഖയുണ്ടാക്കി വനഭൂമി പതിച്ചു വാങ്ങുന്നതായി പരാതി

687. [967] ശ്രീ. എ. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഒ. രേതൻ :
,, സി. കെ. തങ്കപ്പൻ :
,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമ രേഖയുണ്ടാക്കി വനഭൂമി പതിച്ചുവാങ്ങുന്നതായുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
(ബി) വയനാട് ജില്ലയിലെ കുറിച്യർ എന്ന പട്ടിക വർഗ്ഗക്കാരുടെ പേരിൽ തടി വ്യാപാരികളും വനഭൂമി പതിച്ചു വാങ്ങിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
(സി) ഇതിനെപ്പറ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;
(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണു സർക്കാർ സ്വീകരിച്ചത് ?

ഉത്തരം

(എ, ബി) പത്രക്കുറിപ്പുകളും വഴി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(സി) ഹൈക്കോടതിയുടെ ഒരു നിർദ്ദേശവും ഇതുവരെ ലഭിച്ചിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുത്ത വനഭൂമി

688. [968] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24-നു ശേഷം സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കു വനഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ; ആകെ എത്ര ഹെക്ടർ ?

ഉത്തരം

(എ, ബി) സ്വകാര്യ വ്യക്തികൾക്കു പതിച്ചുകൊടുക്കുവാൻ 458.3242 ഹെക്ടർ വനഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

കോടഞ്ചേരി വില്ലേജിലെ വനഭൂമി

689. [969] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ കോടഞ്ചേരി വില്ലേജിൽ ജീരകപ്പാറ മലവാരത്ത് എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമിയുണ്ട് ;
(ബി) വനം ദേശസാൽക്കരണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പ്രസ്തുത വനം ആരുടേതായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിക്ഷിപ്ത വനം മുൻ ജന്മിയുടെ അവകാശികൾക്ക് പതിച്ചുകൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) മുൻ ജന്മിയുടെ അവകാശികൾ എത്ര പേരാണ് പ്രസ്തുത വനഭൂമി തിരികെ കിട്ടാൻ അപേക്ഷിച്ചിട്ടുള്ളത് ;

(ഇ) അപേക്ഷകർ ഇപ്പോൾ എവിടെ സ്ഥിരതാമസക്കാരാണ് ;

(എഫ്) അപേക്ഷകർക്ക് സ്വന്തമായി ഭൂമിയുള്ളവരാണോ ; ആണെങ്കിൽ എവിടെ എത്ര വീതം ;

(ജി) പ്രസ്തുത നിക്ഷിപ്ത വനഭൂമി, ദേശസാൽക്കരിക്കുന്നതിനു മുമ്പ് അപേക്ഷകരുടെ കൈവശത്തിലായിരുന്നുവോ ;

(എച്ച്) ഇതു സംബന്ധിച്ച് ആരിൽ നിന്നെങ്കിലും ഗവൺമെൻറിന് എന്തെങ്കിലും പരാതി കിട്ടിയിരുന്നോ ; എങ്കിൽ ആരിൽനിന്ന് ; ആ പരാതിയിൻമേൽ ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു ;

(ഐ) മുൻ ജന്മിയുടെ അവകാശികൾ വനം ദേശസാൽകൃത നിയമ പ്രകാരം അവർക്ക് തിരികെ കിട്ടിയതോ കിട്ടിയേക്കാവുന്നതോ ആയ ഭൂമി മറ്റാർക്കെങ്കിലും വിൽപ്പന നടത്തിയിട്ടുള്ളതായി ഗവൺമെൻറിനറിയാമോ ;

(ജെ) പ്രസ്തുത ഭൂമിയെ സംബന്ധിച്ചുള്ള വ്യവഹാരത്തിൽ സർക്കാരിനുവേണ്ടി വാദിക്കേണ്ടിയിരുന്ന ഗവൺമെൻറ് പ്ലീഡർ തൻറെ കർത്തവ്യം നിർവ്വഹിച്ചിട്ടില്ലെന്ന് ഹൈക്കോടതി പരാതി സൂർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1366 ഹെക്ടർ.

(ബി) കുതിരവട്ടത്തു തമ്പാൻ സ്വരൂപം എന്ന മരുമക്കത്തായ കുടുംബത്തിൻറെ വകയായിരുന്നു.

(സി) മേൽ പറഞ്ഞ കുടുംബത്തിലെ 32 പേർക്ക് ആകെ 533 ഏക്കർ വനഭൂമി വിട്ടുകൊടുക്കുവാൻ ഫോറസ്റ്റ് ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. അതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ ഹൈക്കോടതി വിധി അനുസരിച്ച് 271.55 ഏക്കർ ഭൂമി അവകാശികൾക്കു വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) 32 പേർ.

(ഇ) അപേക്ഷകരെല്ലാം പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ താമസക്കാരാണെന്ന് അറിയുന്നു.

(എഫ്) ഭൂപരിഷ്കരണ നിയമപ്രകാരം അവകാശികൾക്കു കൈവശം വയ്ക്കാവുന്ന ഭൂമിയിൽ നിന്ന് അവർക്ക് ഇപ്പോൾ കൈവശമുണ്ടായിരുന്ന ഭൂമി കഴിച്ച് ബാക്കി സ്ഥലമാണ് ട്രൈബ്യൂണൽ ഉത്തരവു പ്രകാരം കൊടുക്കുവാൻ ഉത്തരവുണ്ടായത്. അപേക്ഷകർക്ക് എത്രവീതം സ്വന്തമായി ഭൂമി ഉണ്ടെന്നുള്ള കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ജി) നിക്ഷിപ്ത വനഭൂമി അവകാശികളുടെ ഉടമസ്ഥതയിലായിരുന്നുവെങ്കിലും പ്രസ്തുത ഭൂമി കൊയപ്പത്തൊട്ടി മുസ്ലീം കുടുംബത്തിൻറെ കൈവശത്തിലായിരുന്നു.

(എച്ച്) പരാതി ലഭിച്ചിട്ടുണ്ട്. കൊയപ്പത്തൊട്ടി എം. മുഹമ്മദ് കുട്ടി എന്ന ആളിൽ നിന്ന് പ്രസ്തുത ഹർജിയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് കണ്ടതുകൊണ്ട് ഗവൺമെൻറ് തള്ളിക്കളഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മുമ്പ് പറഞ്ഞ 32 അവകാശികളിൽ പലരും ഭൂമി മറ്റു പലർക്കും വിൽപ്പന നടത്തിയിട്ടുണ്ടെന്ന് അറിവായിട്ടുണ്ട്.

(ജെ) ഇല്ല.

പാമ്പാക്കുടയിൽ രജിസ്ട്രാർ ഓഫീസ്

690. [970] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പാമ്പാക്കുടയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു വർഷം അയ്യായിരത്തിൽ കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സബ് രജിസ്ട്രാർ ആഫീസുകൾ വിഭജിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഏഷ്യൻ ഗയിംസിൽ പങ്കെടുത്ത കേരളീയർ

691. [971] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സോളിൽ വച്ചു നടന്ന കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ ആകെ എത്ര കേരളീയർ പങ്കെടുത്തു ;

(ബി) ഓരോ ഇനത്തിലും കേരളീയർക്കു എത്ര മെഡൽ വീതം കിട്ടി ;

ഉത്തരം

(എ) സോളിൽ നടന്ന കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ 17 കേരളീയ കായികതാരങ്ങളും 4 കേരളീയ പരിശീലകരും പങ്കെടുക്കുകയുണ്ടായി.

(ബി) കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ കേരളീയ കായിക താരങ്ങൾക്കു ലഭിച്ച മെഡലുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

അത്ലറ്റിക്സ്

1. കുമാരി പി. ടി. ഉഷ—സ്വർണ്ണമെഡൽ—400 മീറ്റർ, 400 മീറ്റർ ഹർഡിൽസ്, 4x400 മീറ്റർ റിലേ, 200 മീറ്റർ വെള്ളി മെഡൽ—100 മീറ്റർ
2. കുമാരി ഷൈനി കെ. എബ്രഹാം—സ്വർണ്ണമെഡൽ—4x400 മീറ്റർ റിലേ വെള്ളി മെഡൽ—800 മീറ്റർ
3. കുമാരി എം. ഡി. വത്സമ്മ—സ്വർണ്ണമെഡൽ 4x400 മീറ്റർ റിലേ

വോളിബാൾ

ശ്രീ. സിറിയം സി. വെള്ളൂർ
,, ഉദയകുമാർ
,, ജിമ്മി ജോർജ്ജ് — ഓട്ടുമെഡൽ

ഷട്ടിൽ ബാഡ്മിൻറൺ

ശ്രീ. യു. വിമൽ കുമാർ—ഓട്ടു മെഡൽ

വനിതാ ഹോക്കി

കുമാരി എസ്. ഓമന കുമാരി—ഓട്ടുമെഡൽ

LIBRARY ARCHIVES Kerala Legislative Assembly